"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - LID&EW - ജീവനക്കാര്യം - ശ്രീ. വിപിൻ. എം. പി [PEN No.936396] അസി. എഞ്ചിനീയർക്ക് പഠനാവശ്യത്തിനായി അനുവദിച്ച നൽകിയ ശൂന്യവേതനാവധിയുടെ ഉപയുക്തമാക്കാത്ത **11.07.2024** മുതൽ **25.10.2024** വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1747/2024/LSGD തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:-

1. 25.11.2022 -ലെ സ. ഉ(സാധാ)നം. 2914/2022/തസ്വഭവ നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.07.2024 -ലെ LSGD / PD / 58031 / 2023 - DEA4 നമ്പർ നടപടി ക്രമം.
3. പനമരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11.07.2024-ലെ എ1/204/2024 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.08.2024-ലെ LSGD / PD / 26128 / 2024 - DEA6 നമ്പർ കത്ത്.

**ഉത്തരവ്**

അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിപിൻ. എം. പി -യ്ക്ക് പരാമർശം(1) ഉത്തരവ് പ്രകാരം M.Tech കോഴ്സ് ചെയ്യുന്നതിനായി 01/11/2022 മുതൽ 25/10/2024 വരെ KSR Part I Appendix 12 B പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ കോഴ്സ് പൂർത്തീകരിച്ച് പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ പരാമർശം (2) പ്രകാരം ടിയാന് വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകുകയും തുടർന്ന് 11.07.2024 പൂർവ്വാഹ്നത്തിൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ആയതിനാൽ 01.11.2022 മുതൽ 25.10.2024 വരെയുള്ള കാലയളവിലേയ്ക്ക് അനുവദിച്ച അവധിയുടെ ഉപയോഗിക്കാത്ത ബാക്കി ഭാഗം റദ്ദ് ചെയ്യുന്നതിനായി ടിയാന്റെ അപേക്ഷ സഹിതം പരാമർശം(4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിപിൻ. എം. പി -യ്ക്ക് 25.11.2022 -ലെ സ.ഉ(സാധാ)നം. 2914/2022/തസ്വഭവ ഉത്തരവ് പ്രകാരം 01.11.2022 മുതൽ 25.10.2024 വരെയുള്ള കാലയളവിലേയ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച നൽകിയ ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത ഭാഗമായ 11.07.2024 മുതൽ 25.10.2024 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീ. വിപിൻ. എം. പി, അസി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 25-09-2024 17:06:58